**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:- തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)- തീരുമാനം സംബന്ധിച്ച്

പരാമർശം:- മാനേജർ, HSS Keralassery എന്നവർ ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി മുമ്പാകെ നൽകിയ പരാതി
2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 21/05/2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 24/05/2024</u>**

മാനേജർ, HSS Keralassery എന്നവർ ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി മുമ്പാകെ നൽകിയ പരാതിയിൽ വിദ്യാഭ്യാസപരം കെട്ടിടങ്ങളുടെ ( ഗ്രൂപ്പ് ബി ) ക്രമവത്കരണ അപേക്ഷ സംബന്ധിച്ചാണ് പരാതിപ്പെട്ടിരുന്നത്. ഈ പരാതി പരിശോധിച്ചു. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി മുമ്പാകെ ഹാജരായ പരാതിക്കാരന്റെ പ്രതിനിധിയെ കേട്ടു. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് അദാലത്ത് സമിതി മുമ്പാകെ ലഭ്യമാക്കി. അതിൽ ജില്ലാ ടൌൺ പ്ലാനറുടെ ഉത്തരവ് നമ്പർ TCPPKD/564/2022-C Dated 18/10/2022 പ്രകാരം നിബന്ധനകളോടെയുള്ള layout and usage of plot അംഗീകാര ഉത്തരവിൽ നിർദേശിച്ചിട്ടുള്ള നിബന്ധനകളിൽ 4 എണ്ണം കൂടി പാലിക്കാൻ ബാക്കിയുള്ളതായി പരിശോധനയിൽ LSGD വിഭാഗം Asst. Engineer റിപ്പോർട്ട് നൽകിയതായും ടി വിവരം അപേക്ഷകനെ അറിയിച്ചതായും പറയുന്നു. പരാതിക്കാരന്റെ പ്രതിനിധിയുമായി ഇതു സംബന്ധിച്ച് ചർച്ച ചെയ്തു. LSGD വിഭാഗം Asst. Engineerടെ റിപ്പോർട്ടിൽ പറയുന്ന ന്യൂനതകൾ പരിഹരിക്കുന്ന മുറക്ക് റഗുലറൈസേഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഒപ്പ്

കെ സതീഷ് കുമാർ
ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശസ്വയംഭരണവകുപ്പ് പാലക്കാട്

പകർപ്പ്: മാനേജർ, HSS Keralassery